**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **01-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാർ അനുവദിക്കുന്ന റേഷൻ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ കഴിഞ്ഞ മൂന്ന് മാസമായി സംസ്ഥാനത്തിന് അനുവദിക്കുന്ന റേഷൻ വിഹിതത്തിൽ എൺപത് ശതമാനത്തിലധികം പച്ചരിയാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്ത് റേഷൻ വാങ്ങുന്നവരുടെ എണ്ണത്തിൽ വന്ന വ്യത്യാസം അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പല ജില്ലകളിലും കഴിഞ്ഞ രണ്ടു മൂന്നു മാസങ്ങളിലായി എഫ്.സി.ഐയിൽ നിന്ന് ആവശ്യകതയേക്കാൾ കൂടുതൽ പച്ചരി ലഭിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് പുഴുക്കലരി ലഭിക്കാത്തതുമായ സാഹചര്യം നിലവിലുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട വകുപ്പിന്റെ പോർട്ടലിലെ വിവരങ്ങൾ പ്രകാരം 2022 ആഗസ്റ്റ് മാസത്തിൽ 8372376 കുടുംബങ്ങളും 2022 സെപ്റ്റംബർ മാസത്തിൽ 8371047 കുടുംബങ്ങളും 2022 ഒക്ടോബർ മാസത്തിൽ 7434260 കുടുംബങ്ങളും 2022 നവംബറിൽ 7857568 കുടുംബങ്ങളും 2022 ഡിസംബറിൽ 7277992 കുടുംബങ്ങളും റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട് |
| (ബി) | റേഷൻ വിഹിതത്തിന്റെ പകുതിയെങ്കിലും പുഴുക്കലരി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് ഇതു സംബന്ധിച്ച് മറുപടിയൊന്നും ലഭ്യമായിട്ടില്ല. |
| (സി) | പുഴുക്കലരി നിഷേധിക്കുന്നതിലൂടെ പൊതുവിപണിയിലെ അരിവില വർദ്ധനവിന് കാരണമാകുന്ന നടപടി തിരുത്തിക്കുന്നതിനും ആവശ്യാനുസരണം അരി വിഹിതം അനുവദിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (സി) | കൂടുതൽ പുഴുക്കലരി അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനും എഫ്.സി.ഐയ്ക്കും കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകാത്തതിനെ തുടർന്ന്, ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ